# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/21/2018 2018 ജനുവരി 29

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാ തീയതി

ജനുവരി 24ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ രണ്ടാം വർഷ ബി.എസ്.സി. നേഴ്സിംഗ് (2015 അഡ്മിഷൻ റഗുലർ, 2009 മുതൽ 2014 വരെ അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 31നും, ഒന്നു മുതൽ ആറു വരെ സെമസ്റ്റർ എം.എസ്.സി. മൈക്രോ ബയോളജി, ബയോ കെമിസ്ട്രി, ബയോ ടെക്നോളജി (പഴയ സ്കീം, 2012ന് മുമ്പുള്ള അഡ്മിഷൻ) കോഴ്സുകളുടെ അവസാന മേഴ്സി ചാൻസ് പരീക്ഷ ഫെബ്രുവരി 12നും നടത്തും. സമയത്തിനും പരീക്ഷാകേന്ദ്രത്തിനും മാറ്റമില്ല.

### എം.എസ്.സി. മാത്തമാറ്റിക്സ് (പ്രൈവറ്റ്): വൈവാവോസിയും പ്രോജക്ട് മൂല്യനിർണ്ണയവും

2017 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. മാത്തമാറ്റിക്സ് (പ്രൈവറ്റ് പഠനം) ഡിഗ്രി പരീക്ഷയുടെ വൈവാവോസിയും പ്രോജക്ട് മൂല്യനിർണ്ണയവും ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജ്, എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് എന്നീ കേന്ദ്രങ്ങളിൽവച്ച് ഫെബ്രുവരി 12ന് രാവിലെ 9 മുതൽ വൈകീട്ട് 3.30 വരെ നടത്തുന്നതാണ്. പാലാ സെന്റ് തോമസ് കോളേജ്, പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ്, ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജ്, കോട്ടയം സി.എം.എസ്. കോളേജ് എന്നീ കേന്ദ്രങ്ങൾ പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുള്ളവർ ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിലും, ആലുവ യു.സി. കോളേജ്, എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് എന്നീ കേന്ദ്രങ്ങൾ പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുള്ളവർ എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിലും വൈവാവോസിയ്ക്ക് ഹാജരാകണം. വൈവാവോസിയ്ക്ക് ഹാൾ ടിക്കറ്റും തിരിച്ചറിയൽ രേഖയുമായി ഹാജരാകണം. വിശദമായ ടൈം ടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ 2017 ജൂലൈ/ആഗസ്ത് മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം.ടെക് (റഗുലർ), ഒന്നാം സെമസ്റ്റർ എം.ടെക് (സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ജൂലൈ മാസം സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (റഗുലർ/ഇംപ്രൂവ്മെന്റ്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

### എം.ജി.യിൽ ജർമ്മൻ ശാസ്ത്രജ്ഞയുടെ പ്രഭാഷണം നാളെ (ജനുവരി 31)

മഹാത്മാഗാന്ധി സർവ്വകലാശാലാ നാനോ സയൻസ് പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (ജനുവരി 31) രാവിലെ 9.30ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസ് സെമിനാർ ഹാളിൽ ജർമ്മൻ ശാസ്ത്രജ്ഞ പ്രൊഫ. പെട്രപോട്സ്ചിക്കെ 'പോളിമർ നാനോ കമ്പോസിറ്റ്സ്' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും. ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രൊഫ. പെട്രോയ്ക്ക് നാനോ ചെയർഷിപ്പ് നൽകി ആദരിക്കും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രൊഫ. നന്ദകുമാർ കളരിക്കൽ എന്നിവർ പങ്കെടുക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**